ലക്കം 15

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## "നീയും പോയി അങ്ങനെ തന്നെ ചെയ്ക"

(ലൂക്കോസ്. 10: 25-37 വരെയുള്ള വേദഭാഗത്തു യേശു പ്രസ്താവിച്ചിട്ടുള്ള ഒരു ഉപമയാണ് താഴെ ഉദ്ധരിച്ചിട്ടുള്ളത്.)

യെരുശലേമിൽ നിന്നും യെരിഹോവിലേക്കുള്ള വഴിയരികേ ഒരു യഹൂദൻ ആക്രമിക്കപ്പെട്ട് രക്തം വാർന്നവനായി, അർദ്ധപ്രാണനായി കിടക്കുന്നു. അവന്റെ കൈവശമുണ്ടായിരുന്ന പണം മുഴുവനും കള്ളന്മാർ അപഹരിക്കുകയും മർദ്ധിച്ചവശനാക്കി വസ്ത്രം ഉരിഞ്ഞുകളഞ്ഞു. സൂര്യൻ ഉദിച്ചാറെ അവന്റെ ശരീരത്തിൽ വെയിലേറ്റു തളർന്നു. ഈച്ചകൾ മുറിവിൽ പൊതിഞ്ഞു. സ്വയം രക്ഷപ്പെടുവാൻ സാധിക്കാത്തവിധം അവൻ തളർന്നവശനായിത്തീർന്നു.

ഒരു സഹായപ്രതീക്ഷ എന്നവണ്ണം ഒരാൾ അതുവഴിയേ നടന്നടുക്കുന്നതായി അയാൾക്ക് അബോധാവസ്ഥയിലും ചെറുതായി തോന്നിപ്പോയി. ഒരു പുരോഹിതനായിരുന്നു അത്. അവശനായ അവനെ കണ്ടമാത്രയിൽ തന്നെ അദ്ദേഹം വഴിയുടെ മറുവശം ചേർന്ന് മാറികടന്നു പോകയാണ് ചെയ്തത്. അല്പസമയത്തിനു ശേഷം ഒരു ലേവി അതുവഴി വന്നു. അദ്ദേഹം



ഈ അവശനായവന്റെ അവസ്ഥ ദയനീയമായി അല്പനേരം നോക്കി കണ്ടശേഷം റോഡിന്റെ മറുവശം ചേർന്നു കടന്നു പോയി.

മുറിവേറ്റ മനുഷ്യന്റെ ശരീരത്തു നിന്നും ധാരാളം രക്തം വാർന്നൊലിച്ചുപോയി. അദ്ദേഹം വളരെ ക്ഷീണിതനും ദാഹമുള്ളവനുമായി വേദനയാൽ പുളഞ്ഞു. യാതൊരുവിധ ആശയ്ക്കും വകയില്ലാത്തവനായി നിരാശനായി കിടക്കുകയാണ്. യാതൊരു സഹായവും ചെയ്യാതെ കണ്ടവർ സഹതപിച്ചു പിരിഞ്ഞു പോയി.

മുറിവേറ്റ ശരീരത്തിൽ നിന്നും രക്തം ഒഴുകികൊണ്ടെയിരുന്നു. പെട്ടെന്ന് ഒരു പുറജാതിക്കാരൻ മുറിവേറ്റവനെ എടുത്തു ശുശ്രൂഷിച്ചു. കുടിക്കുവാൻ അല്പം വെള്ളം കൊടുത്തു. "സ്നേഹിതാ കുടിക്കൂ എന്ന വാത്സല്യത്തോടെ വരണ്ട തൊണ്ടക്ക് തണുത്ത വെള്ളം നൽകുകയും മുറിവ് താൽക്കാലികമായി കെട്ടി വയ്ക്കുകയും ചെയ്തു. അല്പനേരത്തിനുള്ളിൽ ബോധം തിരിച്ചു കിട്ടിയ അശരണനായ വ്യക്തിക്ക് മനസ്സിലായി തന്നെ ശുശ്രൂഷിച്ചത് ഒരു


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: അനുകമ്പയുടെ പ്രവർത്തികൾ | ബൈബിൾ പഠന ഉപപാഠം: അനുകമ്പയുടെ പ്രവർത്തികൾ | ചോദ്യവും ഉത്തരവും. | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| പേജ് 3 | പേജ് 4 | പേജ് 5, 6 | പേജ് 7 | പേജ് 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കോസ് 16: 15

ശമര്യാക്കാരനായിരുന്നുവെന്ന്. യഹൂദനും ശമര്യക്കാരനും തമ്മിൽ സമ്പർക്കമില്ലാതിരുന്നിട്ടും യെഹൂദനോട് കരുണ കാണിച്ചത് ശമര്യാക്കാരനായിരുന്നു.

അവശനായവനെ ആ ശമര്യക്കാരൻ തന്റെ വാഹനമൃഗമായ കഴുതപ്പുറത്ത് കയറ്റി ഒരു വഴിയമ്പലത്തിൽ കൊണ്ടുപോയി. പിറ്റേ ദിവസം ശമര്യക്കാരൻ സത്രമുടമയെ വിളിച്ച് അല്പം പണം ആ മുറിവേറ്റവന്റെ ചികിത്സക്ക് ദാനം ചെയ്തിട്ടിങ്ങനെ പറഞ്ഞു. "അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നു കൊള്ളാം."

ഒരു ന്യായശാസ്ത്രിയുടെ ചോദ്യത്തിന്റെ ഉത്തരമായാണ് യേശു ഈ ഉപമ പറഞ്ഞത്. ദൈവത്തെയും നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുന്നവന് മാത്രമേ നിത്യജീവൻ പ്രാപിക്കുവാൻ കഴിയൂ എന്ന യേശുവിന്റെ വചനം അവൻ അംഗീകരിച്ചു എങ്കിലും എന്റെ അയൽക്കാരൻ ആരാണ്? എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് അവൻ തന്നെ തന്നെ നീതീകരിപ്പാൻ ശ്രമിച്ചു. നല്ല ശമര്യക്കാരന്റെ ഉപമ ഈ അവസരത്തിലാണ് യേശു പറഞ്ഞത്.

യഥാർത്ഥ അയൽക്കാരൻ സ്വന്തം കുലത്തിലോ ഗോത്രത്തിലോ ഉള്ളവൻ ആകണമെന്നില്ല. ആലയത്തിൽ ദൈവത്തെ ആരാധിക്കുന്ന സഹവിശ്വസിയുമായിരിക്കില്ല. ആപത്ഘട്ടത്തിൽ സഹായകനായിത്തീരുന്ന അപരിചിതനാകാം യഥാർത്ഥ അയൽക്കാരൻ. ഇഹ ലോകത്ത് ധാരാളം പേരുണ്ട്, കടലിനക്കരെ, തെരുവോരങ്ങളിൽ, മുറിവേറ്റവരായി, സഹായം ആവശ്യപ്പെടുന്നവരായി.

യഥാർത്ഥ ക്രിസ്ത്യാനി, സ്വയമായി രക്ഷപ്രാപിക്കാൻ കഴിയാത്ത ബലഹീനർക്ക് ദൈവസ്നേഹം കാണിച്ചുകൊണ്ടവരെ സഹായിക്കുന്നവനാണ്. ക്രിസ്തീയ ജീവിതത്തിലെ അടിസ്ഥാനതത്വമാണിത്. മനുഷ്യന്റെ ആത്മീകവും വൈകാരികവും ശാരീരികവും ആയിട്ടുള്ള ആവശ്യങ്ങളിൽ സഹായിക്കാതെ അവരവരുടെ സ്വന്തം താത്പര്യവും, ആത്മീയവും കൂടുതൽ മുഖ്യ വിഷയമായി കാണുന്നവരാണ്.

മുറിവേറ്റവനെ ശുശ്രൂഷിക്കുകവഴി ശമര്യാക്കാരൻ ക്രിസ്തുവിന്റെ സ്നേഹത്തെയാണ് പ്രദർശിപ്പിക്കുന്നത്. ക്രിസ്തു ന്യായശാസ്ത്രിയോടു പറഞ്ഞത് അവിടുന്ന് ഇന്നും നമ്മോടു പറയുന്നു. "നീയും പോയി അങ്ങനെ തന്നെ ചെയ്ക" - MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,

മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

രാജാവ് അവരോട് : എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു. എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. എന്നരുളിചെയ്യും.- മത്തായി. 25 : 40

യേശു ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിച്ചു. രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും തമ്മിൽ വേർതിരിക്കും. മാനുഷികമായ നിലയിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് യേശു എന്നും പ്രാധ്യാനം കല്പിച്ചിരുന്നു. കാരുണ്യ പ്രവർത്തനങ്ങളുടെ ശക്തിയെ ദൈവമക്കളായ നാം തിരിച്ചറിയേണ്ടതുണ്ട്. അതിനെ രക്ഷിക്കപ്പെട്ടവരായ നാം എങ്ങനെയാണ് നോക്കിക്കാണുന്നത്? സമൂഹത്തിലുള്ള അധഃസ്ഥിതിയിലുള്ള ജനങ്ങൾ എങ്ങനെയാണ് ക്രിസ്തുവിന്റെ ത്യാഗോജ്ജ്വലമായ സ്നേഹത്തിന്റെ ശക്തിയും വിശുദ്ധിയുടെ വ്യാപ്തിയും അറിയുന്നത്?

സാധാരണ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവരെ സേവിക്കുമ്പോൾ യഥാർത്ഥത്തിൽ ക്രിസ്തുവിനെയാണ് നാം ശുശ്രൂഷിക്കുന്നത്. ക്ഷീണിച്ചവശനായവന് ഒരു പാത്രം തണുത്ത വെള്ളം കുടിക്കാൻ കൊടുക്കുന്നതും, രോഗിയെ സന്ദർശിക്കുന്നതും, നിരാശയോടുകൂടി കഴിയുന്നവനെ പാട്ടുപാടി ആശ്വസിപ്പിക്കുന്നതും, വൃദ്ധജനങ്ങളെ ആശ്വസിപ്പിക്കുന്നതും, തണുത്തു വിറയ്ക്കുന്നവനെ പുതപ്പിക്കുന്നതും, വിശക്കുന്നവന് അപ്പംകൊടുക്കുന്നതും, മുറിവേറ്റവന്റെ മുറിവുകെട്ടി ആശ്വസിപ്പിക്കുന്നതുമെല്ലാം ക്രൈസ്തവശുശ്രൂഷയാണ്. ത്യാഗമനോഭാവത്തോടെ കൊടുക്കുന്നതാണെന്റെ ജീവിതത്തിലെ വലിയ സന്തോഷം. രക്ഷാപദ്ധതി ദൈവം ക്രമീകരിച്ചിട്ടുള്ളത് എത്ര അദ്ഭുതകരമായാണ്.

തിരുവചനത്തിന്റെ ഉപദേശത്തെയും ആത്മീയ സത്യങ്ങളെയും ഞാൻ അതിയായി ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ നാമമഹത്വത്തിന് പൂർണ്ണമായും വിശുദ്ധിയും സ്നേഹവും മാത്രമല്ല നമ്മുടെ ദൈനംദിന ജീവിതത്തിലുള്ള കാരുണ്യ പ്രവർത്തനങ്ങൾ മുഖാന്തരമാണ് സാധിക്കുന്നത്. ഇത് നമ്മുടെ സൗകര്യാർത്ഥം ചെയ്യുന്നതല്ല പ്രത്യുത ദൈവീകകല്പനയും ക്രിസ്ത്യാനിത്വത്തിന്റെ പരമപ്രധാനമായ ഒരു ഘടകമാണ്.

മാനുഷിക പരിഗണനയിലുള്ള ഇത്തരം പ്രവർത്തനങ്ങളും ജീവകാരുണ്യ ശുശ്രൂഷയും ഒന്നും തന്നെ ദൈവത്തിന്റെ വേലയല്ല എന്ന് ചിലർ പറയുന്നുണ്ടാകാം. സുവിശേഷം ലോകത്തെ അറിയിക്കുക എന്നതാണ് അവരുടെ അഭിപ്രായത്തിൽ ദൈവവേല എന്നത്. ഇതിനെക്കുറിച്ച് ശരിയായ ഒരു വെളിപ്പെടുത്തലുണ്ടാകാൻ ഞാൻ പ്രാർത്ഥിക്കുന്നു. ആവശ്യക്കാരെ സഹായിക്കുവാൻ വേണ്ടിയുള്ള ദൈവവിളി പ്രാപിച്ചവരാണ് നാമെല്ലാം വരും.

സുവിശേഷം കേൾക്കാൻ വരുന്നവരുടെ ശരിയായ ഉദ്ദേശമെന്താണ്?എന്ന് ഞാൻ ചിന്തിക്കാറുണ്ട്. അവർ എന്തുകൊണ്ടാണിങ്ങനെ? ആ ദിവസത്തിങ്കൽ യേശു അവരോടിപ്രകാരം പറയും "അടയാളം കണ്ടതുകൊണ്ടല്ല. അപ്പം തിന്ന് തൃപ്തരായതുകൊണ്ടത്രേ നിങ്ങൾ എന്നെ അന്വേഷിച്ചത്." മനസ്സലിഞ്ഞു വീണ്ടും യേശു അവരെ പോഷിപ്പിച്ചു. ഇന്ന് നമ്മെയും. മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോൾ നാം യേശുവിന്റെ സ്നേഹമാണ് പങ്കു വയ്ക്കുന്നത്.

ത്യാഗം ചെയ്യുവാനും നമ്മെതന്നെ കൊടുക്കുവാനും നാം ഭയപ്പെടേണ്ടതില്ല. നല്ല ശമര്യാക്കാരന്റെ ദർശനം പ്രാപിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിന്റെ യഥാർത്ഥ ആവശ്യകത തിരിച്ചറിയാം.

എന്ന് കർത്തൃശുശ്രൂഷയിൽ

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**



ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം : അനുകമ്പയുടെ പ്രവർത്തികൾ

**വായനഭാഗം :** യാക്കോബ് 2:15-17 ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്ക് വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട് : സമാധാനമായി പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്ക് കൊടുക്കാതിരുന്നാൽ പ്രയോജനമെന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു.

**രത്നചുരുക്കം :-** ഔദാര്യവും, അനുകമ്പയും ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാന തത്വങ്ങളാണ്. യഥാർത്ഥ ദൈവസ്നേഹവും, ദൈവവിശ്വാസവും പ്രകടമാകേണ്ടത് ആവശ്യഭാരത്തിലും, നിരാലംബരുമായവരെ അവരുടെ ആവശ്യത്തിൽ സഹായിക്കാനുള്ള ത്യാഗനിർഭരമായ മനോഭാവത്തിലാണ്.

### I ദയാപൂർണ്ണമായ പ്രവൃത്തികളിലൂടെ സ്നേഹം വെളിപ്പെടുത്താവുന്നതാണ്.

A. മത്തായി. 22: 37-40 സ്നേഹത്തിന്റെ ഉറവിടം

B. ലൂക്കോസ് 10:25-37 നല്ലശമര്യക്കാരൻ

C. 1 യോഹന്നാൻ 3:17,18 സ്നേഹം പ്രവർത്തിയിൽ

### II പുതിയ നിയമ ദൃഷ്ടാന്തങ്ങൾ

A. അപ്പൊ. 10:38 യേശു നന്മചെയ്തു

B. മത്തായി 15:32-39 ജനം തിന്നു തൃപ്തരായി.

C. റോമർ.15:26,27 പാവപ്പെട്ടവർക്കായി വിശുദ്ധന്മാർ സംഭാവന ചെയ്തു.

D. അപ്പൊ. 9:36 മുഴുവനും നന്മപ്രവർത്തികൾ

E. പഴയനിയമം. ഇയ്യോബ്.31:16-22

### III നന്മ പ്രവർത്തികളിലൂടെ ദൈവത്തെ മഹത്വപ്പെടുത്താനാണ് ദൈവം മനുഷ്യനെ രക്ഷിച്ചത്.

A. മത്തായി. 5:14-16 നന്മപ്രവർത്തികൾ ലോകത്തിന് വെളിച്ചം പകരുന്നു.

B. എഫെസ്യർ 2 :8-10 നന്മപ്രവർത്തിക്കായി സൃഷ്ടിക്കപ്പെട്ടു.

C. തീത്തോസ്. 2:14 നന്മപ്രവർത്തിക്കായുള്ള അത്യുത്സാഹം

### IV നന്മപ്രവൃത്തികൾ/ ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കല്പന

A. യെശയ്യ. 58 :7 ജീവകാരുണ്യത്തിൽ പങ്കാളികളാകുക

B. 1. തീമൊഥെയ്യാസ്. 6:17,18 വിതരണത്തിനായുള്ള ഒരുക്കം.

C. തീത്തൊ. 2:7 നന്മപ്രവർത്തിക്കായുള്ള മാതൃക കാണിക്കുക

D. തീത്തോസ്. 3:8 നന്മ പ്രവർത്തികൾ ചെയ്യുക.

E. എബ്രായർ 10:24 നന്മപ്രവർത്തിക്കായി നിർബന്ധിക്കുക.

F. ഗലത്യർ 2:9,10 ദരിദ്രരെ ഓർക്കുക.

G. എഫസ്യ. 4:28 ആവശ്യക്കാരെ സഹായിക്കുക.

H. ഗലാത്യർ. 6 :10 എല്ലാവർക്കും നന്മ ചെയ്യുക.

### V ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രകടമാക്കുക

A. യാക്കോബ് 1:28 പരിശുദ്ധമായ മതം

B. യാക്കോബ് 2:14-18 സത്യവിശ്വാസം

### VI ദാനം ചെയ്യുന്നതിലൂടെ അനുഗ്രഹങ്ങൾ

A. അപ്പോ. 20 :35 ദാനം ചെയ്താൽ കൂടുതൽ അനുഗ്രഹങ്ങൾ

B. ലൂക്കോസ്. 14 :13-14 നിത്യതയുടെ പ്രത്യുപകാരം

### VII അന്ത്യന്യായവിധി

A. വെളി. 20 12 - 13 പ്രവൃത്തിക്ക് തക്കവണ്ണം.

B. മത്തായി. 25:31-46 ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി

### ഉപസംഹാരം

എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട് അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും.? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും, സത്യത്തിലും തന്നേ സ്നേഹിക്കുക.

- 1 . യോഹന്നാൻ : 3: 17,18



### കരുണക്കായുള്ള പ്രാർത്ഥന

ദരിദ്രന്മാരുടെ ആഗ്രഹം ഞാൻ മുടക്കിയെങ്കിൽ വിധവയുടെ കണ്ണ് ഞാൻ ക്ഷീണിപ്പിച്ചെങ്കിൽ;

അനാഥന് അംശംകൊടുക്കാതെ ഞാൻ തനിച്ചു എന്റെ ആഹാരം കഴിച്ചെങ്കിൽ - ബാല്യം മുതൽ ഞാൻ അപ്പനെന്നപ്പോലെ അവനെ വളർത്തുകയും ജനിച്ചതു മുതൽ അവളെ പരിപാലിക്കുകയും ചെയ്തുവല്ലോ -

ഒരുത്തൻ വസ്ത്രമില്ലാതെ നശിച്ചുപോകുന്നതോ ദരിദ്രൻ പുതപ്പില്ലാതെ ഇരിക്കുന്നതോ ഞാൻ കണ്ടിട്ട്

അവന്റെ അര എന്നെ അനുഗ്രഹിച്ചില്ലെങ്കിൽ, എന്റെ ആടുകളുടെ രോമം കൊണ്ട് അവന് കുളിർ മാറിയില്ലെങ്കിൽ,

പട്ടണവാതിൽക്കൽ എനിക്ക് സഹായം കണ്ടിട്ട് ഞാൻ അനാഥന്റെ നേരെ കൈയ്യോങ്ങിയെങ്കിൽ,

എന്റെ ഭുജം തോൾപലകയിൽ നിന്ന് വീഴട്ടെ എന്റെ കയ്യുടെ ഏപ്പുവിട്ടുപോകട്ടെ.

ഇയ്യോബ് : 31 :16 -22

# അനുകമ്പയുടെ പ്രവർത്തികൾ

## ബൈബിൾ പഠന ഉപപാഠം

### സ്നേഹത്തിന്റെ അടിസ്ഥാനം

ഏറ്റവും വലിയതും ഒന്നാമത്തേതുമായ കല്പന ദൈവമായ കർത്താവിനെ സ്നേഹിക്കുന്നതും, രണ്ടാമത്തേത് കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുന്നതുമാണ്, എന്നും യേശു പറഞ്ഞു (മത്തായി 22 : 37 – 40). സ്നേഹം എന്നത് വെറും താത്വികമായ ഒരു ധാരണയല്ല. അത് പ്രവർത്തിയിലേക്ക് ഉത്തേജിപ്പിക്കുന്ന തീരുമാനവും, ഹൃദയംഗമായ തെരഞ്ഞെടുപ്പും, ഉത്തരവാദിത്വവും, ലാക്കും ആണ്. ദൈവത്തോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നത് ദൈവവചനം അനുസരിക്കുന്നതിൽ കൂടിയാണ്. കൂട്ടുകാരനോടുള്ള സ്നേഹം പ്രദർശിപ്പിക്കപ്പെടുന്നതോ ദയവും അനുകമ്പയുമുള്ള പ്രവർത്തികളിൽ കൂടിയും. അനുകമ്പാപൂർവ്വമായ സ്നേഹം ഇല്ലാതെ ആളുകൾക്ക് ദൈവത്തിന് പ്രസാദമുള്ളവരോ, ജീവിതത്തിൽ അവരുടെ ദൈവീകനിയോഗം നിവർത്തിക്കുവാനോ കഴിയുകയില്ല. ഒരു വിശുദ്ധന്റെ ജീവിതം സമ്പൂർണ്ണമായും അനുകമ്പ നിറഞ്ഞതായിരിക്കണം.

### നല്ല ശമര്യാക്കാരൻ

ആവശ്യങ്ങളിലിരിക്കുന്ന ജനങ്ങളെ സഹായിക്കുവാൻ ക്രിസ്തു വച്ച മാതൃകയാണ് നല്ല ശമര്യാക്കാരൻ (ലൂക്കോസ് 10 : 25 –37). ഒരു ക്രിസ്ത്യാനി ആവശ്യത്തിലിരിക്കുന്ന ഒരാളെ കണ്ടിട്ട് അനുകമ്പാപൂർവ്വം അയാളെ സഹായിക്കുവാൻ കൂട്ടാക്കാതിരുന്നാൽ എങ്ങനെ ദൈവസ്നേഹം അയാളിൽ വസിക്കും? എന്നാൽ ഈ ലോകത്തിൽ വസ്തുവകകൾ ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനെ മുട്ടുള്ളതു കണ്ടിട്ട് അവനോട് മനസ്സലിവ് കാണിക്കാതിരുന്നാൽ ദൈവസ്നേഹം അവനിൽ എങ്ങനെ വസിക്കും? "കുഞ്ഞുങ്ങളെ നാം വാക്കിനാലും നാവിനാലുമല്ല, പ്രവർത്തിയിലും സതൃത്തിലും തന്നെ സ്നേഹിക്കുക' (1 യോഹന്നാൻ 3 : 17–18). ക്രിസ്ത്യാനിയുടെ ജീവിതം പള്ളിയിൽ പോകുകയോ, പ്രാർത്ഥിക്കുകയോ, ഉപദേശപരമായ സത്യങ്ങളിൽ വിശ്വസിക്കുകയോ ചെയ്യുന്നതിനേക്കാൾ ഉപരി ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്ന നിരന്തര സമർപ്പണം ആയിരിക്കണം.




### അനുകമ്പ യേശു നല്ല പ്രവർത്തിയുടെ മാതൃക വെച്ചിരിക്കുന്നു

യേശു, തന്റെ ഈ ലോകജീവിതത്തിലെ ചുരുങ്ങിയ സമയം നന്മ ചെയ്തുകൊണ്ടു നടന്നു. (അപ്പോ. പ്രവർത്തികൾ 10:38). ദൈവത്തെക്കുറിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും മാത്രമല്ല അവൻ ചെയ്തത്, രോഗികളെ സൗഖ്യമാക്കുകയും പാപികളെ സന്ദർശിക്കുകയും കൂടി ചെയ്തു. അവിടുന്ന് വിശപ്പുള്ളവർക്ക് അപ്പവും നല്കി. (മത്തായി 15 : 32–39). അവിടുന്ന് വലിയ അനുകമ്പ നിറഞ്ഞ് ശുശ്രൂഷിക്കുകയും പാവങ്ങളുടെ ഭൗതിക ആവശ്യങ്ങളെ സഹായിക്കുകയും ചെയ്തു. അപ്പോ. പ്രവർത്തികൾ 9 : 36 ൽ " പേടമാൻ എന്നർത്ഥമുള്ള തബിഥ എന്ന ശിഷ്യ വളരെ സൽപ്രവർത്തികളും ദാനധർമ്മങ്ങളും ചെയ്തു പോന്നിരുന്നു" (റോമർ 15 : 20–27). ആദികാല സഭാ ചരിത്രകാരന്മാർ സൂചിപ്പിക്കുന്നത് സഭയുടെ പ്രാരംഭനാളുകളിലെ ശീഘ്രവളർച്ചയ്ക്ക് ദാനധർമ്മങ്ങൾ മുഖാന്തിരമായിട്ടുണ്ട് എന്നതാണ്.

ഇതു തന്നെ ആയിരിക്കണം വിശുദ്ധന്മാരെക്കുറിച്ച് പ്രാദേശികവും അന്തർദേശീയവുമായ തലത്തിൽ ഇന്നും ഉണ്ടാകേണ്ട അഭിപ്രായം. ദൈവത്തിന്റെ ജനം അവരുടെ സ്നേഹത്തിലും പ്രവർത്തിയിലും അറിയപ്പെടുന്നവർ ആകണം.

### നല്ല പ്രവർത്തികൾ പിതാവിനെ മഹത്വപ്പെടുത്തുന്നു

"അങ്ങനെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5 : 16). ധർമ്മോപകാരങ്ങളുടെ ലക്ഷ്യം പ്രശസ്തിയ്ക്കും മനുഷ്യരെ കാണിക്കുന്നതിനുമുള്ളതല്ല. പ്രത്യുത അവ ദൈവത്തിന്റെ സ്നേഹവും വെളിച്ചവും അന്ധകാരം നിറഞ്ഞ ലോകത്തിൽ പരത്തുന്നതിനു വേണ്ടിയുള്ളതാണ്. അവയിൽ കൂടി ലോകം പിതാവിനെ കാണുകയും രക്ഷയിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

### സൽപ്രവർത്തികൾക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു

അനുകമ്പാ പൂർവ്വമായ പ്രവർത്തികൾ ഒരുവനെ രക്ഷിക്കുകയില്ല, പക്ഷേ നാം യേശുവിന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു(എഫേസ്യർ2:8–10). അതിൽ ദൈവപൈതൽ സൽപ്രവർത്തികൾ ചെയ്യണമെന്നുള്ളത് ഏറ്റവും പ്രധാനമാണ്. അത് വ്യക്തിപരമായ നീതി പ്രവർത്തികൾക്കും, മറ്റുള്ളവരുടെ ആവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനും അപ്പുറമാണ്. "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന് കൈ കൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കുകയത്രേ വേണ്ടത് (എഫേസ്യർ 4:28).

"എന്നാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും നന്മ ചെയ്യുക...."

## നല്ല പ്രവർത്തികൾ നിർദ്ദേശിച്ചിരിക്കുന്നു

ദൈവവചനം പഠിപ്പിക്കുന്നത് ധനവാന്മാർ (ആവശ്യത്തിൽ അധികം ഉള്ളവർ) "സൽപ്രവർത്തികളിൽ സമ്പന്നരും" അത് "ദാനം ചെയ്യുവാൻ ഒരുക്കമുള്ളവരും" ആയിരിക്കണം എന്നാണ് (1 തിമൊഥെയോസ് 6 : 17 –18). ''സൽപ്രവർത്തികൾക്ക് മാതൃക ആയിരിക്കുവാനും'' (തീത്തോസ് 2 : 7), "അതിൽ ഉത്സാഹികളായി കരുതിയിരിക്കുവാനും" (തീത്തോസ് 3:8) വിശുദ്ധന്മാരോടു ആവശ്യപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്ന തിരക്കിലും ബദ്ധപ്പാടിലും സ്വന്തം ജീവിതം ഒഴുകിപ്പോകാതിരിക്കുവാൻ ദൈവപൈതൽ വളരെ സൂക്ഷിക്കുകയും വേണം. ഇന്ന് അനേകം ആളുകൾക്ക് സ്വാർത്ഥതമൂലം സമയമോ പണമോ ആവശ്യമുള്ളവർക്ക് നൽകുവാൻ കഴിയുന്നില്ല. ഇത് ആത്മീകമായ ഒരു പ്രശ്നമായതിനാൽ ''സ്നേഹത്തിനും സൽപ്രവർത്തിക്കും ഉത്സാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുകൊള്ളേണം" എന്ന് പൗലോസ്, വിശുദ്ധന്മാരെ ആഹ്വാനം ചെയ്യുന്നു (എബ്രായർ 10 : 24).

## പ്രാപ്തിപോലെ കൊടുക്കുക



ലോകം അതിവിശാലവും ആവശ്യങ്ങൾ വലുതുമാണ്. ആവശ്യക്കാരെ മുഴുവൻ സഹായിക്കുവാൻ ഒരു വ്യക്തിക്ക് കഴിയുകയില്ല. കുറ്റബോധത്തിന്റെ സ്ഥിതിയിൽ ഒരുവൻ ജീവിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല, കാരണം അവിടുന്ന് എല്ലാവരെയും അല്ലങ്കിൽ അവരവരുടെ രാജ്യത്തേയോ സമൃദ്ധികൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. ദൈവം അനുഗ്രഹിച്ചതുകൊണ്ട് ദൈവമക്കൾ പ്രാപ്തിപോലെ കൊടുക്കുകയും വേണം. "എന്നാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക" (ഗലാത്യർ 6 : 10)

## നിർമ്മലമായ ഭക്തി

ചില ആളുകൾ ആത്മീകതയുടെ പേരിൽ അവർക്കു ചുറ്റുമുള്ള മനുഷ്യത്വപരമായ ആവശ്യങ്ങളെ മാറ്റി നിർത്താറുണ്ട്. യാക്കോബിന്റെ ലേഖനം 1 : 26 ൽ വ്യക്തമാക്കിയിരിക്കുന്നത് "പിതാവായ ദൈവത്തിന്റെ മുമ്പാകെ വിശുദ്ധവും നിർമ്മലവുമായ ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതുമാകുന്നു എന്നാണ്. "ദരിദ്രരെ ഒർത്തുകൊള്ളേണം (ഗലാ. 2: 9, 10).

## സത്യവിശ്വാസം

ഒരുത്തൻ തനിക്ക് വിശ്വാസമുണ്ട് എന്നു പറയുകയും പ്രവർത്തി ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആരെങ്കിലും നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങൾ അവനോട്: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്യുവിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്ക് കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? (യാക്കോബ് 2 : 14 – 18).

സത്യവിശ്വാസവും ഭക്തിയും ഒരിക്കലും വ്യക്തിപരമായ വിശ്വാസാനുഷ്ഠാനങ്ങൾ അല്ല. അത് മറ്റുള്ളവരെ സ്നേഹിക്കുവാൻ ഹൃദയത്തിൽ നിന്ന് പ്രേരിപ്പിക്കുന്ന ദൈവസ്നേഹമാണ്. ആ സ്നേഹവും വിശ്വാസവും സാധുക്കളെ സ്നേഹിക്കുവാൻ മാറ്റിവച്ചതുമായിരിക്കും. നിസ്വാർത്ഥമായ ജീവിതത്തിൽ വലിയ സന്തോഷവും അനുഗ്രഹവും ഉണ്ട്. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം" എന്ന് യേശു, പറഞ്ഞു (അപ്പോ. പ്രവർത്തികൾ 20 : 35). അനേകം ആളുകൾ ദാനധർമ്മത്തിൽ കൂടി ലഭിക്കുന്ന അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുന്നു. എന്നാൽ സത്യവിശ്വാസത്തിനും ഭക്തിക്കുമുള്ള നിത്യതയിലെ പ്രതിഫലം ഏറ്റവും വലുതായിരിക്കും (ലൂക്കോസ് 14 :13 –14).

## പ്രവർത്തികൾ നമ്മെ വിധിക്കും

ന്യായവിധിയുടെ ഹൃദയഭേദകമായ ഒരു ചിത്രം മത്തായി 25 : 31 – 46 ൽ യേശു, വരച്ചുകാണിക്കുന്നുണ്ട്. ആത്മീകമായ അവരുടെ വരങ്ങൾക്ക് അനുസരണമായോ, വിശ്വാസത്തിന്റെ അളവിനാലോ, അച്ചടക്കമോ, ദീർഘമായി പ്രാർത്ഥിക്കുന്നതിലോ ഒന്നുമല്ല ന്യായവിധിയുടെ മാനദണ്ഡം. അവർ വിധിക്കപ്പെടുന്നത് അവർ ചെയ്ത സൽപ്രവർത്തികളുടെ അടിസ്ഥാനത്തിലാണ്. അവർ വിശപ്പുള്ളവന് ഭക്ഷിക്കുവാൻ നൽകിയോ, നഗ്നനെ ഉടുപ്പിച്ചുവോ, രോഗിയെയോ തടവുകാരനെയോ സന്ദർശിച്ചോ? എന്നതായിരിക്കും അടിസ്ഥാനം.

ക്രിസ്തുവിനാൽ നമ്മുടെ ജീവിതം രൂപാന്തരപ്പെടുകയും മറ്റുള്ളവരുടെ ആത്മീകവും ഭൗതികവുമായ ആവശ്യങ്ങളിൽ ഔദാര്യമനസ്സോടെ ഓരോ ദിവസവും ശുശ്രൂഷിക്കുവാൻ ഇടയാകട്ടെ.

MWS

## ചോദ്യവും ഉത്തരവും

### ദരിദ്രരെ സഹായിക്കുവാൻ സമർപ്പിക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ പോകുമോ?

നിർബന്ധമില്ല. കൊടുക്കുന്നതും മറ്റുള്ളവർക്കുവേണ്ടി ത്യാഗം സഹിക്കുന്നതും രക്ഷയുടെ ഫലമാണ്. പക്ഷേ അവ അവരെ രക്ഷിക്കുകയില്ല. എല്ലാവരും പാപം ചെയ്തിരിക്കയാൽ യേശുക്രിസ്തുവിന്റെ ശക്തിയാൽ മാനസാന്തരപ്പെട്ട് പാപക്ഷമ പ്രാപിക്കണം.



### ആവശ്യങ്ങളിലിരിക്കുന്നതായി കണ്ടുമുട്ടുന്ന എല്ലാവരെയും ഞാൻ സഹായിക്കേണ്ടതുണ്ടോ?

വേണ്ട. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും എന്നതുപോലെ നാം ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടണം. സൽപ്രവർത്തികൾ ചെയ്യുമ്പോൾ തന്നെ ദൈവം നമ്മേ ഭരമേല്പിച്ചിരിക്കുന്നവയുടെ നല്ല സൂക്ഷിപ്പുകാരനും ആയിരിക്കണം. ആവശ്യക്കാർക്ക് എല്ലാവർക്കും നല്കിയാൽ നമുക്ക് തികയാതെ വരും വിശ്വാസത്തിൽ നമ്മോടുകൂടെ ആയിരിക്കുന്നവരിൽ നിന്നും വേണം ദാനധർമ്മങ്ങൾ തുടങ്ങുവാൻ. നമ്മോടുകൂടെ ആരാധിക്കുന്നവൻ വിശപ്പ് അനുഭവിക്കുമ്പോൾ ഒരു അപരിചിതന് പണം നൽകുന്നത് പരിതാപകരമായ ഒരു സാക്ഷ്യമാണ്.

കൂടാതെ, സൽപ്രവർത്തികൾ ചെയ്യുന്നതിന് ഓരോരുത്തർക്കും വിവിധങ്ങളായ വിളിയും വീക്ഷണവുമാണ് ഉള്ളത്. ഒരുവന് അനാഥരെ ശുശ്രൂഷിക്കുവാനുള്ള പ്രത്യേകമായ സഹതാപമായിരിക്കും ഉണ്ടാക്കുക. മറ്റു ചിലർക്ക് തെരുവുകളിൽ താമസിക്കുന്ന ഭവന രഹിതരോടായിരിക്കും സഹതാപം. വേറെ ചിലർക്ക് മറ്റുരാജ്യങ്ങളിൽ ആഹാരമില്ലാതെ കഴിയുന്നവരോടായിരിക്കും സഹതാപം. ഈ ആവശ്യങ്ങൾ എല്ലാ പ്രധാനപ്പെട്ടതു തന്നെയാണ്. ദൈവം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതനുസരിച്ച് എല്ലാവർക്കും ചെയ്യുവാനുള്ള പ്രവർത്തികൾ ഉണ്ട്. എങ്കിലും ദൈവമാണ് സൽപ്രവർത്തികളിൽ നമ്മെ നിയന്ത്രിക്കുന്നത് എന്ന് ഓർക്കുക.

### ദാനധർമ്മങ്ങൾ നാശം, അല്ലെങ്കിൽ ഉദാസീനത ഗുണഭോക്താക്കളിൽ പ്രോത്സാഹിപ്പിക്കുമോ?

ഈ ചോദ്യത്തിന്റെ ഉത്തരം ദൂരവ്യാപകവും, പൂർണ്ണമായി വിവരിക്കുവാൻ സ്ഥലപരിമിതിയും ഉണ്ട്. ദാനധർമ്മങ്ങൾ തിരുവചനത്തിൽ കല്പ്പിച്ചിട്ടുള്ളതിനാൽ നിരുത്തരവാദിത്വത്താൽ അതിനെ ചെറുതായി കണ്ടുകൂടാ. മദ്യം വാങ്ങുവാൻ മദ്യപാനിയ്ക്ക് പണം നൽകുന്നത് കാര്യവിചാരകന് നല്ലതല്ല. എന്നാൽ മദ്യപന്റെ മക്കൾ പിതാവിന്റെ പാപത്തിന്റെ ഫലമായി പട്ടിണി അനുഭവിക്കുന്നു എങ്കിൽ നിഷ്ക്കളങ്കരായ ആ കുട്ടികളെ പോറ്റുന്നത് പ്രശംസനീയമാണ്. തിരുവചനം ഊന്നൽ നൽകുന്നത് ഒരു ക്ഷേമരാഷ്ട്രത്തിനല്ല, പകരം സ്നേഹമുള്ള ജനങ്ങൾ വിശക്കുന്നവരെയും, നഗ്നരെയും, ദരിദ്രരെയും ശുശ്രൂഷിക്കുന്നതിനാണ്.

ജോലിചെയ്യുവാൻ താല്പര്യം ഇല്ലാതെ മടിയനായി വീട്ടിലിരിക്കുന്ന ഒരുവന് സഹായം നൽകിയാൽ അയാളുടെ അലസത പ്രോത്സാഹിപ്പിക്കുകയാകും ചെയ്യുക. എന്നാൽ



ജോലിക്കുവേണ്ടി വളരെ ശ്രമിച്ചിട്ടും ലഭിക്കാതെ വരുന്നവനെ പിൻതാങ്ങുവാനും സഹായിക്കുവാനും യോഗ്യനാണ്.

നമ്മുടെ കുട്ടികളെ നാം പോറ്റുമ്പോൾ നാം അവരെ കഴിവുള്ളവരായി തീർക്കാറുണ്ടോ? അനാഥർക്ക് അവരെ പോറ്റുവാൻ മാതാവോ പിതാവോ ഇല്ലാത്തതിനാൽ, അവരെ ശുശ്രൂഷിക്കണം എന്നു തിരുവചനം പറയുന്നു.

ആവശ്യങ്ങളിലിരിക്കുന്നവരെ സഹായിക്കുവാൻ അത് മടക്കി തരുവാൻ കഴിവില്ലാത്തവരെയാണ്, മറ്റുള്ളവർ അർഹരെങ്കിലും, തെരഞ്ഞെടുക്കേണ്ടത് എന്നാണ് ക്രിസ്തു പഠിപ്പിച്ച ഉപദേശം. "ഞാൻ തടവിൽ ആയിരുന്നു, നിങ്ങൾ എന്നെ കാണുവാൻ വന്നില്ല". അനീതികൊണ്ട് തടവിലായ ഒരുവനെ സന്ദർശിക്കുന്ന കാര്യം യേശു പറഞ്ഞില്ല.

### നിർദ്ധനർ ഔദാര്യം ചെയ്യുന്നതിൽ നിന്ന് ഒഴിവുള്ളവരാണോ?

അല്ല. സമ്പന്നന് കൊടുക്കുവാൻ കൂടുതൽ കഴിവുള്ളപ്പോൾ, എല്ലാവരും ത്യാഗമനോഭാവത്തോടെ മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കണം എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. കൊടുക്കുന്നതിന് പണം മാത്രമല്ല സമയവും നല്കാം. പാവപ്പെട്ട ഒരുവന്, വിശക്കുന്ന ഒരുവന് ഭക്ഷണം നൽകുവാൻ കഴിവില്ലെങ്കിൽ അയാൾക്ക് അവന്റെ പാടം ഉഴുതുകൊടുക്കുവാനോ, വീടു നിർമ്മിച്ചു കൊടുക്കുവാനോ കഴിയും. നമ്മെക്കാൾ കൂടുതൽ ആവശ്യമുള്ള ഒരുവൻ എപ്പോഴും ഉണ്ടാകും. MWS

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?

**ദാനധർമ്മത്തെക്കുറിച്ച് മൂന്ന് ആദിമസഭാ പിതാക്കന്മാർ/എഴുത്തുകാരുടെ ഉദ്ധരണികൾ:**

അവരുടെ ഇടയിൽ ദരിദ്രനും സഹായം ആവശ്യമുള്ളവനും ഉണ്ടെങ്കിൽ, ഭക്ഷണം പങ്കുവയ്ക്കുവാൻ ഇല്ലാതിരിക്കുകയും ചെയ്താൽ രണ്ടോ മൂന്നോ ദിവസത്തേക്ക് ഉപവസിച്ച് സഹായിക്കുവാൻ ആവശ്യമുള്ള ഭക്ഷണം കണ്ടെത്തണം – The apologist Aristides, 125 AD

മറ്റുള്ളവരെ മോചിപ്പിക്കുവാൻ വേണ്ടി നമ്മുടെ ഇടയിൽ തങ്ങളെതന്നെ തടവുകാരാക്കിയ അനേകരെ നമുക്കറിയാം. അനേകരും തങ്ങളെതന്നെ അടിമകളാക്കി മറ്റുള്ളവർക്ക് ആഹാരം നല്കുവാനുള്ള പണം കണ്ടെത്തി – Clement of Rome, 96 AD

നിങ്ങൾ ഉപവസിക്കുന്ന ദിവസം വെള്ളവും റൊട്ടിയുമല്ലാതെ മറ്റൊന്നും നിങ്ങൾ രുചിക്കരുത്. ആ ദിവസം നിങ്ങൾക്ക് ഭക്ഷിക്കുവാനായിട്ടുള്ള ആഹാരത്തിന്റെ വില കണക്കാക്കി ആവശ്യത്തിലിരിക്കുന്ന വിധവയ്ക്കും അനാഥനും നല്കുക – Hermas of Rome, ( C. 90-140)

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക

*നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക: ഏറിയനാൾ കഴിഞ്ഞിട്ട് നിനക്ക് അത് കിട്ടും – സഭാ പ്രസംഗി 11 :1*

“അപ്പത്തെ വെള്ളത്തിന്മേൽ എറിയുവാൻ” ശലോമോൻ പ്രോത്സാഹിപ്പിച്ചു. ന്യായമില്ലാതെയല്ല സുവിശേഷത്തിന്റെ വിത്ത് എവിടെയും വിതയ്ക്കുവാൻ ഈ വചനം ആളുകളെ ആഹ്വാനം ചെയ്യുന്നു. ഇത് സത്യമായിരിക്കുമ്പോൾ തന്നെ, ശലോമോൻ, ദാനധർമ്മത്തെക്കുറിച്ച് പറയുന്നു. ദയയുടെയും നന്മയുടെയും വിത്ത് നിങ്ങൾക്കു ചുറ്റുമുള്ള എല്ലാവരിലും വിതയ്ക്കുക. ഏഴാമത്തെയോ എട്ടാമത്തെയോ ഓഹരി മറ്റുള്ളവർക്കു കൊടുക്കുക (വാക്യം 2)



എല്ലാ വെള്ളത്തിന്മേലും എറിയുക. അനിഷ്ടരായ അനർഹർ ഉണ്ടെങ്കിലും അവരോട് കാരുണ്യം കാണിക്കുക. ഏകാകിനിയായ മാതാവ്, രോഗിയായ പിതാവ്, വയോധികൻ, പാപി മുതലായവർക്ക് എല്ലാം ത്യാഗം ചെയ്യുക, കയ്യിൽ സൂക്ഷിച്ചു വയ്ക്കാതെ കർത്താവിന് എന്നതുപോലെ കൊടുക്കുക.

കാലക്രമേണ ദൈവം വലിയ ഒരു വളർച്ചയ്ക്ക് ഇടയാക്കും. നാം വിതയ്ക്കുന്നത് ജഡികമായ സന്തോഷത്തിനല്ല, എന്നാൽ തന്റെ വിശ്വസ്ത വേലക്കാർക്കും ദൈവം, തിരികെ നൽകും. ഒരു പ്രതിഫലം ഉണ്ടാകും.

MWS



Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**